# Olive Lifesciences to pay Sabinsa $ 2.2 million

Future Kerala : 15-04-2017

## മനഃപൂർവ്വമുള്ള നിയമലംഘനം

# ഒലീവ് ലൈഫ്സയൻസ് സബിൻസയ്ക്ക് 2.2 മില്യൺ ഡോളർ നഷ്ടപരിഹാരം നൽകണമെന്ന് കോടതി ഉത്തരവ്



ന്യൂഡെൽഹി: ലോകത്തിൽ ഡയറ്റ് ഉൽപ്പന്നങ്ങളുടെ വിതരണരംഗത്തെ മുൻനിരക്കാരായ സബിൻസ കോർപ്പറേഷൻ, ഒലിവ് ലൈഫ്സയൻസ് പ്രൈവറ്റ് ലിമിറ്റഡിനെതിരെ സമർപ്പിച്ച ഹർജിയിൽ സബിൻസയ്ക്ക് അനുകൂലമായി കോടതി ഉത്തരവ്. ഒലിവ് ലൈഫ്സയൻസ് പ്രൈവറ്റ് ലിമിറ്റഡ് ദീർഘകാലമായി തങ്ങളുടെ ഉൽപ്പന്നങ്ങളുടെ പേറ്റന്റിൽ മനഃപൂർവ്വമായ നിയമലംഘനം നടത്തുന്നതായി ആരോപിച്ച് 2014 ജൂലൈ 30ന് യുഎസിലെ ജില്ലാ കോടതിയിൽ സബിൻസ കോർപ്പറേഷൻ നൽകിയ ഹർജിയിലാണ് കോടതി വിധി പ്രഖ്യാപിച്ചിരിക്കുന്നത്. ഇത് പ്രകാരം സബിൻസ കോർപ്പറേഷന് ഒലിവ് ലൈഫ്സയൻസ് പ്രൈവറ്റ് ലിമിറ്റഡ് 2.2 മില്യൺ ഡോളർ നഷ്ടപരിഹാരം നൽകണമെന്നും കോടതി ഉത്തരവിട്ടു. സബിൻസ ഗ്രൂപ്പിന്റെ മഞ്ഞളിൽ അധിഷ്ഠിതമായ സി3 കോംപ്ലെക്സ് പേറ്റന്റ് അനധികൃതമായി ഉപയോഗപ്പെടുത്തി ഒലിവ് ഉൽപ്പന്നങ്ങൾ തയാറാക്കി വിൽക്കുന്നതായി ഹർജിയിൽ ആരോപിച്ചിരുന്നു. സബിൻസ ഗ്രൂപ്പിന്റെ പേറ്റന്റിൽ ഒലിവ് മനഃപൂർവം നിയമലംഘനം നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയതിനെ തുടർന്നാണ് സബിൻസയ്ക്ക് അനുകൂലമായി കോടതി ഉത്തരവുണ്ടായത്. തങ്ങൾക്ക് ബൗദ്ധികാവകാശമുള്ള ഉൽപ്പന്നങ്ങളിൽ മറ്റ് കമ്പനികൾക്ക് എളുപ്പത്തിൽ നിയമലംഘനം നടത്താൻ സാധിക്കില്ലെന്നാണ് ഈ കേസിലൂടെ വ്യക്തമാകുന്നതെന്ന് സബിൻസ സ്ഥാപകൻ ഡോ. മുഹമ്മദ് മജീദ് പറഞ്ഞു. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഇത്തരത്തിൽ നിരവധി കേസുകളിൽ തങ്ങൾക്ക് അനുകൂലമായി വിധി വന്നിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. പ്രകൃതി പ്രൊഡക്റ്റ് പ്രൈവറ്റ് ലിമിറ്റഡ്, ഹെർബക്രാഫ്റ്റ് ഇൻക്, ന്യൂട്രിബയോലിങ്ക് എൽഎൽസി, ചെമിൽ ഇൻക് നാച്ചുറൽ ഇൻഗ്രെഡിയൻസ് എൽഎൽസി തുടങ്ങിയ കമ്പനികൾക്കെതിരെയാണ് പേറ്റന്റിലുള്ള കടന്നുകയറ്റം ആരോപിച്ച് സബിൻസ ഗ്രൂപ്പ് മുൻപ് ഹർജി നൽകിയിട്ടുള്ളത്. സബിൻസ ഗ്രൂപ്പിന്റെ ബൗദ്ധിക സമ്പത്തിൽ കടന്നുകയറ്റം നടത്താനുദ്ദേശിക്കുന്നവർക്ക് ഇതൊരു മുന്നറിയിപ്പാണെന്നും, തങ്ങളുടെ ഉൽപ്പന്നങ്ങൾ ദുരുപയോഗം ചെയ്യുന്നതിനു പകരം സ്വന്തമായി ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കാൻ എതിരാളികൾ തയാറെടുക്കുകയാണ് വേണ്ടതെന്നും മജീദ് പറയുന്നു.